# പരിസ്ഥിതിദിനാചരണം

റാന്നി : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നിലയ്ക്കൽ ഭദ്രാസന എം.ജി. ഓ.സി.എസ്.എം-ഉം യുവജനപ്രസ്ഥാനവും സംയുക്തമായി പരിസ്ഥിതിദിനാചരണത്തോടനുബന്ധിച്ച് ജൂൺ 5-ന് ഫലവൃക്ഷത്തൈകൾ നടുന്നു. രാവിലെ 10-ന് അയിരൂർ മാർ ബഹനാൻ പഴയപള്ളിയിൽ വികാരി വെരി.റവ.കെ.റ്റി.മാത്യൂസ് റമ്പാന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ വച്ച് നിലയ്ക്കൽ ഭദ്രാസന പരിസ്ഥിതിദിനാചരണം ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യും. 11.30-ന് വെള്ളയിൽ മാർ ഗ്രീഗോറിയോസ് മിഷൻ സെന്ററിലും ഭദ്രാസനത്തിലെ എല്ലാ ദേവാലയങ്ങളിലും ഫലവൃക്ഷത്തൈകൾ നടുന്നതായിരിക്കും.